(ബി) ഇനിയും ഭരണാനുമതിയ്ക്കായി എത്ര പ്രവൃത്തികൾ വകുപ്പിന്റെ പരിഗണനയിലുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) LAC-ADS നിലവിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ 753 ലക്ഷം രൂപ അടങ്കൽ വരുന്ന 18 പ്രവൃത്തികൾക്ക് ധനവകുപ്പിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഏറനാട് മണ്ഡലത്തിലെ അരീക്കോട് സ്റ്റേഡിയം നിർമ്മാണം (50 ലക്ഷം രൂപ), സ്കൂൾ ബസ്സ് വാങ്ങുന്നത് (75 ലക്ഷം രൂപ) സംബന്ധിച്ച വിഷയങ്ങളാണ് നിലവിൽ ധനവകുപ്പിന്റെ പരിഗണനയിലുള്ളത്.

നടപ്പ് സാമ്പത്തികവർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ

165 (505) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച എത്ര പുതിയ പദ്ധതികൾ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ എത്രയെണ്ണത്തിന് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഭരണാനുമതി നൽകാൻ അവശേഷിക്കുന്നവ എത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) മുൻ സാമ്പത്തിക വർഷങ്ങളിൽ പ്രഖ്യാപിച്ച എത്ര പദ്ധതികളാണ് ഇപ്പോഴും നടപ്പിലാക്കുന്നതിനായി പരിഗണനയിലിരിക്കുന്നതെന്നും ; ഭരണാനുമതി നൽകാൻ ബാക്കി നില്പുള്ളവ എത്രയാണെന്നും വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എത്ര ഭരണാനുമതികൾ പുനഃപരിശോധിച്ചതിന് ശേഷം റദ്ദ് ചെയ്യുകയുണ്ടായിട്ടുണ്ട് ;

(ഇ) തന്നാണ്ടിൽ തൽകിയ ഭരണാനുമതിപ്രകാരമുള്ള പദ്ധതികളിൽ ഏതെങ്കിലും നടപ്പിലാക്കുകയുണ്ടായിട്ടുണ്ടോ ; അവശേഷിക്കുന്നവ എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

നികുതി പിരിവിലുണ്ടായിട്ടുള്ള വീഴ്ച പരിഹരിക്കുന്നതിന് നടപടി

166 (506) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും നികുതി ഇനത്തിൽ പിരിച്ചെടുക്കുവാൻ തീരുമാനിച്ച തുക എത്രയെന്നും പിരിച്ചെടുത്ത തുക എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) നടപ്പു സാമ്പത്തിക വർഷം എത്ര തുക നികുതി ഇനത്തിൽ പിരിച്ചെടുക്കാൻ തീരുമാനിച്ചു ; ആയതിൽ 2014 ഒക്ടോബർ 31 വരെ എത്ര തുക പിരിച്ചെടുക്കുവാൻ കഴിഞ്ഞു ; വ്യക്തമാക്കുമോ ;

(സി) ഈ സാമ്പത്തിക വർഷം നികുതി പിരിവിൽവന്ന ചോർച്ചയും ചെക്ക്പോസ്റ്റുകളിൽ വ്യാപിച്ചുവരുന്ന അഴിമതിയും മൂലം നികുതി പിരിവിൽ സംഭവിച്ചിട്ടുള്ളത് പരിഹരിക്കാൻ അടിയന്തരമായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly